# ആഴത്തിലറിയാം, പാലക്കാട് ചുരത്തിനെ



ചിറ്റൂർ ഗവ. കോളേജിൽ 'ദി എനിഗ്മാറ്റിക് പാലക്കാട് ഗ്യാപ്' വിഷയത്തിൽ നടക്കുന്ന സെമിനാർ മന്ത്രി കെ കൃഷ്ണൻകുട്ടി ഉദ്ഘാടനം ചെയ്യുന്നു

**ചിറ്റൂർ**

പാലക്കാട് ചുരത്തിന്റെ ഭൂഗർഭശാസ്ത്രം, കാലാവസ്ഥാ വ്യതിയാനം, മണ്ണ്, കാർഷിക വൈവിധ്യം തുടങ്ങിയവ ചർച്ചയാകുന്ന സെമിനാറിന് ചിറ്റൂർ ഗവ. കോളേജിൽ തുടക്കം. 'ദി എനിഗ്മാറ്റിക് പാലക്കാട് ഗ്യാപ്' വിഷയത്തിലെ ദ്വിദിന സെമിനാർ മന്ത്രി കെ കൃഷ്ണൻകുട്ടി ഉദ്ഘാടനം ചെയ്തു. ശാസ്ത്രീയമായി കൃഷിചെയ്യുന്ന ചിറ്റൂർ കേരളത്തിന് മാതൃകയാണെന്ന് മന്ത്രി പറഞ്ഞു.

കോളേജ് പ്രിൻസിപ്പൽ ടി റെജി അധ്യക്ഷനായി. കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ് ടെക്നോളജി ആൻഡ് എൻവയോൺമെന്റ് മെമ്പർ സെക്രട്ടറി എ സാബു മുഖ്യപ്രഭാഷണം നടത്തി. ചിറ്റൂർ – തത്തമംഗലം നഗരസഭാകൗൺസിലർ എം രാധാകൃഷ്ണൻ, കോയമ്പത്തൂർ ആര്യവൈദ്യഫാർമസി എംഡി ദേവീദാസ് വാര്യർ, അത്താച്ചി എംഡി എൻ എസ് വിശ്വനാഥൻ, പ്രൊഫ. കെ എ സുരേഷ് കുമാർ, പ്രൊഫ. ജെയിൻ തോമസ്, ഐക്യുഎസി കോ–ഓർഡിനേറ്റർ സുഷ ചന്ദ്രൻ, പിടിഎ സെക്രട്ടറി പി സുരേഷ്, കോളേജ് യൂണിയൻ ചെയർപേഴ്സൺ നയന, മഞ്ജുഷ എന്നിവർ സംസാരിച്ചു.

## സെമിനാർ ഇന്ന്

വ്യാഴാഴ്ച രാവിലെ 10ന് സെമിനാർ മന്ത്രി പി രാജീവ് ഉദ്ഘാടനം ചെയ്യും. സംസ്ഥാന പ്ലാനിങ് ബോർഡ് അംഗവും കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി ഡയറക്ടർ എക്സ്റ്റൻഷനുമായ ജിജു പി അലക്സ് മുഖ്യപ്രഭാഷണം നടത്തും. സമാപനം വൈകിട്ട് നാലിന് മന്ത്രി എം ബി രാജേഷ് ഉദ്ഘാടനം ചെയ്യും.

കെ ബാബു എംഎൽഎ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ടി എം ശശി എന്നിവർ മുഖ്യാതിഥികളാകും.സംസ്ഥാന കോളേജ് വിദ്യാഭ്യാസവകുപ്പും കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ് ടെക്നോളജി ആൻഡ് എൻവയോൺമെന്റും ചേർന്നാണ് സംഘാടനം.